# File No.LSGD-EPB2/261/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. അനിൽ എസ്. സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2339/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/12/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.960/2018/തസ്വഭവ തീയതി 04.04.2018

2 ശ്രീ. അനിൽ എസ്. സമർപ്പിച്ച അപ്പീൽ അപേക്ഷ

**<u>ഉത്തരവ്</u>**

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. അനിൽ എസ്. വിജിലൻസ് അന്വേഷണ ദിവസം ഓഫീസിൽ ഹാജരായില്ല എന്ന് കണ്ടെത്തിയിരുന്നു. തുടർന്ന് അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതിന് ശ്രീ. അനിൽ എസ്.നെതിരെ കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ 3 മാസത്തേയ്ക്ക് കുറവ് വരുത്തി പരാമർശം (1) പ്രകാരം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. അനിൽ എസ്. പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ വിജിലൻസ് പരിശോധന നടന്ന 25.06.2014-ൽ അനധികൃതമായി ഓഫീസിൽ ഹാജരില്ലായിരുന്നുവെന്ന ആരോപണത്തെ തുടർന്നാണ് തനിക്കെതിരെ അച്ചടക്കനടപടി ആരംഭിച്ചതെന്നും അന്നേ ദിവസം തന്റെ ഭാര്യക്ക് അസുഖമായതിനാൽ ഡോക്ടറെ കാണാൻ പോകേണ്ടിവന്നുവെന്നും അതിനാലാണ് ഓഫീസിൽ ഹാജരാകാത്തതെന്നും ഇക്കാര്യം ജൂനിയർ സൂപ്രണ്ടിനെ അറിയിക്കുകയും അന്നേ ദിവസം ഉച്ച വരെ ആകസ്മിക അവധി അനുവദിക്കുകയും ഈ വിവരം താൻ വിജിലൻസ് ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും കുറ്റവിമുക്തനാക്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ ഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തന്റെ ശമ്പള വർദ്ധനവ് 3 മാസത്തേക്ക് തടഞ്ഞ് ഉത്തരവായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ തന്നെ കുറ്റവിമുക്തനാക്കാം എന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ തന്നെ കുറ്റവിമ:ുക്തനാക്കണമെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസ് പരിശോധന നടന്ന 25.06.2014-ൽ അനധികൃതമായി ഓഫീസിൽ ഹാജരില്ലായിരുന്നുവെന്ന ആരോപണത്തെതുടർന്നാണ് ശ്രീ. അനിലിനെതിരെ അച്ചടക്കനടപടി ആരംഭിച്ചത്. അന്നേ ദിവസം ടിയാന്റെ ഭാര്യക്ക് അസുഖമായതിനാൽ ഡോക്ടറെ കാണാൻ പോകേണ്ടിവന്നുവെന്നും അതിനാലാണ് ഓഫീസിൽ ഹാജരാകാത്തതെന്നും ഇക്കാര്യം ജൂനിയർ സൂപ്രണ്ടിനെ അറിയിക്കുകയും അന്നേ ദിവസം ഉച്ച വരെ ആകസ്മിക അവധി അനുവദിക്കുകയും ഈ വിവരം ടിയാൻ വിജിലൻസ് ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് അപ്പീൽ അപേക്ഷയിൽ പറയുന്നു. എന്നാൽ ഇക്കാര്യം ടിയാൻ നേരത്തേ സമർപ്പിച്ച പ്രതിവാദപത്രികയിൽ പരാമർശിച്ചിട്ടുള്ളതും ടി വിശദീകരണം കണക്കിലെടുത്തുമാണ് ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ളത്. പരാമർ ശം ( 1 ) സർക്കാർ ഉത്തരവിൽ ശ്രീ. അനിൽ എസ്.നെ കുറ്റവിമുക്തനാക്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഉത്തരവിന്റെ അവസാന ഖണ്ഡികയിൽ ടിയാന്റെ ശമ്പള വർദ്ധനവ് 3 മാസത്തേക്ക് തടഞ്ഞ് ഉത്തരവായിട്ടുണ്ടെന്നും അപ്പീൽ അപേക്ഷയിൽ പറയുന്നു. ടിയാനെ കുറ്റവിമുക്തനാക്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ശ:ുപാർശ അച്ചടക്ക നടപടി തീർപ്പാക്കിയ ശിക്ഷണാധാരി അംഗീകരിച്ചിരുന്നില്ല. പ്രസ്തുത നടപടിയിൽ ചട്ടവിരുദ്ധമായി ഒന്നുമില്ലെന്ന് കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ അച്ചടക്ക നടപടി തീർപ്പാക്കിയ ശിക്ഷണാധികാരി, പഞ്ചായത്ത് ഡയറക്ടർ നൽകിയ റിപ്പോർട്ടുകൂടി പരിഗണിച്ച് ഉചിതമായ തലത്തിൽ കൈക്കൊണ്ട തീരുമാനം പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ലെന്ന:ുകണ്ട് ശ്രീ. അനിൽ എസ്. സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

2. ശ്രീ. അനിൽ എസ്, മുൻ സീനിയർ സൂപ്രണ്ട്, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Valid
Digitally signed by SUDHEER S S
Date: 2020.12.21 11:47:52 IST
Reason: Approved

സെക്ഷൻ ഓഫീസർ